**പതിമൂന്നാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നമ്പർ :2447** **08.07.2015-ലെ മറുപടിയ്ക്ക്**

## മീൻപിടിപ്പാറ, പൊങ്ങൻപാറ ടൂറിസം പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീമതി.പി. അയിഷാ പോറ്റി** | **ശ്രീ.എ.പി.അനിൽ കുമാർ (പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)** |

(എ) മേജർ ഇറിഗേഷൻ വഴി നിർവ്വഹണം നടത്തുന്നതും കൊട്ടാരക്കര നിയോജക മണ്ഡലത്തിൽപ്പെടുന്നതുമായ മീൻപിടിപ്പാറ, പൊങ്ങൻപാറ ടൂറിസം പദ്ധതികളുടെ ടെണ്ടർ നടപടികൾ നീണ്ടു പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ അടിയന്തരമായി പൂർത്തീകരിച്ച് പ്രവൃത്തികൾ ആരംഭിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും?

(എ) യും (ബി) യും

ഉണ്ട്. കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട മീൻപിടിപ്പാറ, പൊങ്ങൻപാറ ടൂറിസം പദ്ധതികളുടെ ടെൻഡർ നടപടികൾ ദക്ഷിണ മേഖല ജലസേചന വകുപ്പ് സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നടന്നുവരികയാണ്. മീൻപിടിപ്പാറ പദ്ധതി രണ്ടുപ്രാവശ്യം ടെൻഡർ ചെയ്തിട്ടും കരാറുകാർ ആരും തന്നെ ഏറ്റെടുക്കാൻ തയ്യാറായിട്ടില്ല. തുടർന്നുള്ള ദർഘാസുകളിലും കരാറുകാർ പങ്കെടുക്കാതെ വന്നാൽ പ്രസ്തുത പ്രവൃത്തികൾ ക്വട്ടേഷൻ വിളിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ